പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3704 — 20/10/2016 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിലെ മദ്യ-മയക്കമരുന്ന് ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളിൽ മദ്യ മയക്കമരുന്ന് ഉപയോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രവണത തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രത സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.<br>ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസലിംഗും ആരോഗ്യപരിപാലനവും നടപ്പിലാക്കുന്നതിനായി 1200 ലധികം സൗഹൃദ ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ 2016-2017 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽ നിന്നും മയക്കമരുന്നിൽ നിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേക്ക് "മുക്തി" എന്ന പേരിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ട്രെയിനിംഗും നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ |

കുറ്റവാസനയും, ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവ്വർ റെസ്പോൺസി ബിലിറ്റി ടു ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചു വരുന്നുണ്ട്.

സമൂഹത്തിലെ പല മേഖലകളിലും പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള പരിശീല കരെ കൊണ്ടുവന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. പ്രിൻസിപ്പൽമാർ, എൻ. എസ്.എസ് പ്രോഗ്രാം ഓഫീസർ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ കോർഡി നേറ്റർമാർ എന്നിവർ ചേർന്നാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. എൻ.എസ്.എസ് വോളന്റിയർമാർ പല സ്കൂളുകളിലും വിദ്യാർത്ഥികളിലെ മദ്യമയക്കുമരുന്ന് ഉപയോഗത്തിനെതിരെ ജാഗ്രത പുലർത്തുന്നുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. വി.എച്ച്.എസ്.ഇ എൻ എസ് എസ് സെൽ കഴിഞ്ഞ വർഷം എക്സൈസ് വകുപ്പിന്റെ 'സുബോധം' പ്രോജക്ടുമായി ചേർന്ന് '1000 വിംഗ്സ് ഓഫ് ഫയർ' എന്ന പേരിൽ ഹോം ലൈബ്രറികൾ തുടങ്ങുന്ന പ്രോഗ്രാം ചെയ്തപ്പോൾ അതിനോടൊപ്പം 'ലഹരി വിരുദ്ധ പ്രവർത്തനങ്ങളും വായനയുടെ ഗുണവും' എന്ന വിഷയത്തിൽ എൻ.എസ്.എസ് പ്രോജക്ട് ഓഫീസർ സംസ്ഥാനത്തിലെ ധാരാളം സ്കൂളുക ളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

| | |
|---|---|
| (സി) വിദ്യാലയങ്ങളിൽ കൗൺസിലിംഗിനു (സി) യോഗ്യത നേടിയവരെ പ്രത്യേക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ